ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:03.01.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് എസ് ഐ ആറിന്റെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.
2. തൊണ്ടി മുതൽ തിരിമറി കേസിൽ മുൻ മന്ത്രിയും എം.എൽ.എയുമായ ആന്റണി രാജുവിന് നെടുമങ്ങാട് മജിസ്ട്രേറ്റ് കോടതി മൂന്ന് വർഷം തടവ് ശിക്ഷ വിധിച്ചു.
3. സംസ്ഥാനത്ത് അർഹരായ മുഴുവൻ കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡുകൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ജി ആർ അനിൽ.
4. മൊബൈൽ ആസക്തിയിൽ നിന്ന് കുട്ടികളെ മുക്തരാക്കുക എന്ന ലക്ഷ്യവുമായി കൊല്ലം സിറ്റി പൊലീസിന്റെ ചിൽഡ്രൻസ് ബിനാലെയ്ക്ക് നാളെ തുടക്കം.
5. മകരവിളക്ക് മഹോത്സവത്തിന് ദിവസങ്ങൾ ശേഷിക്കെ ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്.
6. അണ്ടർ-19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 301 റൺ വിജയലക്ഷ്യം.

***********************************

RNU TVPM

## മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന തല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാരീരിക ബുദ്ധിമുട്ട് ഉള്ളവർക്കും പ്രായമായവർക്കും പ്രവാസികൾക്കും നേരിട്ട് വരാതെ തന്നെ ഹിയറിങ്ങ് നടത്താൻ സൗകര്യം ഒരുക്കുമെന്നും ശ്രീ രത്തൻ യു കേൽക്കർ അറിയിച്ചു.

*********************************

## തീവ്ര വോട്ടർപട്ടിക

സംസ്ഥാനത്ത് കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. പ്രവാസി വോട്ടർമാർക്ക് പേരു ചേർക്കാനുള്ള ഫോം 6 - A യിൽ ഇതുവരെ 24,772 അപേക്ഷകൾ ലഭിച്ചു. അതിനിടെ, പ്രവാസി വോട്ടർമാർക്ക് എസ് ഐ ആർ നടപടികൾ പൂർത്തിയാക്കാൻ കൂടുതൽ സമയം അനുവദിക്കണമെന്ന് മുസ്ലിം ലീഗ് തിരെഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടു.

RNU TVPM

*********************************

## ഇവിഎം- വിവിപാറ്റ്

വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇവിഎം, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമിക തല പരിശോധന വിവിധ ജില്ലകളിലെ കളക്ടറേറ്റുകളിൽ പുരോഗമിക്കുന്നു. ഫെബ്രുവരി 16 വരെയാണ് പരിശോധന. പരിശോധനയിൽ അംഗീകൃത രാഷ്ട്രീയ

കക്ഷികളുടെ സാന്നിധ്യം ഉറപ്പാക്കാൻ കളക്ടർമാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

*********************************

## ആന്റണി രാജു

തൊണ്ടിമുതൽ തിരിമറി കേസിൽ രണ്ടാം പ്രതിയായ മുൻ മന്ത്രിയും എം.എൽ.എയുമായ ആന്റണി രാജുവിന് നെടുമങ്ങാട് മജിസ്ട്രേറ്റ് കോടതി മൂന്ന് വർഷം തടവ് ശിക്ഷ വിധിച്ചു. ലഹരിമരുന്ന് കേസിലെ പ്രതിയെ രക്ഷപ്പെടുത്താൻ അന്ന് അഭിഭാഷകനായിരുന്ന ശ്രീ ആൻറണി രാജു തൊണ്ടിമുതലിൽ കൃത്രിമം നടത്തിയെന്നായിരുന്നു കേസ്. അതെസമയം, എം എൽ എ സ്ഥാനത്ത് തുടരാൻ ആൻറണി രാജു യോഗ്യനല്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു.

RJU TVPM

*********************************

## മന്ത്രി ജി ആർ അനിൽ (ഇൻട്രോ)

സംസ്ഥാനത്തെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡുകൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ജി ആർ അനിൽ. ഇതിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ ഈ മാസം വീണ്ടും അവസരം നൽകുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

(വോയിസ് )

*********************************

## മന്ത്രി വി. ശിവൻകുട്ടി- കെ ടെറ്റ്

കേരളത്തിലെ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും കെ ടെറ്റ് നിർബന്ധമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ ഉത്തരവ് മരവിപ്പിച്ചതായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. കെ-ടെറ്റ് നിർബന്ധമാക്കിയ സുപ്രീം കോടതി ഉത്തരവിനെതിരെ പുനപരിശോധനാ ഹർജി സമർപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

*********************************

## കെ എസ് ആർ ടി സി

കെ.എസ്.ആർ.ടി.സിക്ക് 93.72 കോടി രൂപ കൂടി ധനസഹായം അനുവദിച്ചതായി മന്ത്രി കെ.എൻ ബാലഗോപാൽ. പെൻഷൻ വിതരണത്തിന് 73.72 കോടി രൂപയും മറ്റ് ആവശ്യങ്ങൾക്ക് 20 കോടി രൂപയുമാണ് ലഭ്യമാക്കിയത്. ഈ വർഷം ഇതിനകം 1,201 കോടിയിലധികം രൂപയാണ് കെ.എസ്.ആർ.ടി.സിക്ക് സഹായമായി നൽകിയത്.

RNU TVPM

*********************************

## റെയിൽവെ - പാലക്കാട് (ഇൻട്രോ)

മൊബൈൽ ഫോൺ വഴി അൺ റിസർവ്ഡ് ടിക്കറ്റ് എടുക്കുന്നതിൽ രാജ്യത്ത് ഒന്നാമതായി പാലക്കാട് റയിൽവേ ഡിവിഷൻ. കഴിഞ്ഞ നവംബറിലെ കണക്കനുസരിച്ച് അൺ റിസർവ്ഡ് ടിക്കറ്റുകളിൽ 63 ശതമാനം മൊബൈൽ ആപ്പ് വഴിയാണ് എടുത്തിട്ടുള്ളത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്......**

(വോയ്സ്)

*********************************

## അമിത്ഷാ, എം ടി രമേശ് - കേരളം

ബിജെപി സംസ്ഥാന നേതൃയോഗത്തിലും തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ച ബിജെപി അംഗങ്ങളുടെ സമ്മേളനത്തിലും പങ്കെടുക്കുന്നതിനായി കേന്ദ്രമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ അമിത് ഷാ ഈ മാസം 11 ന് കേരളത്തിൽ എത്തുമെന്ന് പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി എം ടി രമേശ്. നിയമസഭാ തെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളുടെ ചർച്ചയിലും ശ്രീ അമിത് ഷാ പങ്കെടുക്കുമെന്ന് അദ്ദേഹം അറിയിച്ചു. ശബരിമല സ്വർണക്കൊള്ള സിബിഐ അന്വേഷിക്കണമെന്നും ശ്രീ എം ടി രമേശ് ആവശ്യപ്പെട്ടു.

RNU TVPM

*********************************

## മേയർ വി വി രാജേഷ്

നിയമസഭാ തിരഞ്ഞെടുപ്പിൽ ബിജെപി വലിയ മുന്നേറ്റം നടത്തുമെന്ന് തിരുവനന്തപുരം കോർപ്പറേഷൻ മേയർ വി.വി രാജേഷ്. വിഴിഞ്ഞം ഉൾപ്പെടെ ജനങ്ങൾ വലിയ പ്രതീക്ഷയോടെയാണ് ബിജെപിയെ നോക്കിക്കാണുന്നതെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. പയ്യാമ്പലത്തെ മാരാർജി സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തിയ ശ്രീ വി വി രാജേഷ്, തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രത്തിലും ദർശനം നടത്തി.

*********************************

## സണ്ണി ജോസഫ്

കെപിസിസി നേതൃ ക്യാമ്പ് നാളെയും മറ്റന്നാളും വയനാട്ടിലെ സുൽത്താൻബത്തേരിയിൽ നടക്കുമെന്ന് കെപിസിസി പ്രസിഡണ്ട് സണ്ണി ജോസഫ്. തദ്ദേശ തെരഞ്ഞെടുപ്പ് ഫലവും വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പും ക്യാമ്പിൽ ചർച്ച ചെയ്യുമെന്നും അദ്ദേഹം കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

*********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*********************************

PNU TVPM

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യും. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*********************************

## പ്രധാനമന്ത്രി - പിപ്രാഹ്വ

ഭഗവാൻ ശ്രീബുദ്ധൻ പകർന്നു നൽകിയ മാനവികതയുടെ പാത കാലാതീതമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ ശ്രീബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു

അദ്ദേഹം. ന്യൂഡൽഹി നാഷണൽ മ്യൂസിയത്തിന്റെയും കൊൽക്കത്ത ഇന്ത്യൻ മ്യൂസിയത്തിന്റെയും ശേഖരങ്ങളിൽ സൂക്ഷിച്ചിരുന്ന പിപ്രാഹ്വ ചരിത്ര അവശിഷ്ടങ്ങളും പുരാവസ്തുക്കളും 1898-ലാണ് കണ്ടെത്തിയത്.

*******************************

## മുണ്ടക്കൈ ടൗൺഷിപ്പ്

വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതർക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ ഉയരുന്ന ടൗൺഷിപ്പിൽ 237 ഭവനങ്ങളുടെ വാർപ്പ് പൂർത്തിയായി. അഞ്ച് സോണുകളിലായാണ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. 350 വീടുകൾക്കുള്ള സ്ഥലമൊരുക്കൽ പൂർത്തിയായി. 1,500 തൊഴിലാളികളാണ് ടൗൺഷിപ്പിൽ പ്രവർത്തിക്കുന്നത്.

RNU TVPM

*******************************

## ചിൽഡ്രൻസ് ബിനാലെ -കൊല്ലം(ഇൻട്രോ)

മൊബൈൽ ആസക്തിയിൽ നിന്ന് കുട്ടികളെ മുക്തരാക്കുക എന്ന ലക്ഷ്യവുമായി കൊല്ലം സിറ്റി പൊലീസിൻറെ ചിൽഡ്രൻസ് ബിനാലെയ്ക്ക് നാളെ തുടക്കമാകും. ധനമന്ത്രി കെ. എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും.

**ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയ്സ്)**

*******************************

## ശബരിമല - ഭക്തജനത്തിരക്ക്

മകരവിളക്ക് മഹോത്സവത്തിനു ദിവസങ്ങൾ ശേഷിക്കെ ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്. മണിക്കൂറുകൾ ക്യൂ നിന്നാണ് ഭക്തർ ദർശനം നടത്തി മടങ്ങുന്നത്. ഇന്നു വൈകിട്ട് ആറു മണിവരെ 72,941 തീർഥാടകരാണ് സന്നിധാനത്തെത്തിയത്. നിലയ്ക്കൽ മുതൽ ഭക്തരെ നിയന്ത്രണങ്ങളോടെയാണു കയറ്റിവിടുന്നത്.

**********************************

## അണ്ടർ 19 - ക്രിക്കറ്റ്

അണ്ടർ-19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 301 റൺ വിജയലക്ഷ്യം. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ഇന്ത്യയെ ബാറ്റിംഗിന് അയയ്ക്കുകയായിരുന്നു. നിശ്ചിത 50 ഓവറിൽ ഇന്ത്യ 300 റൺ എടുക്കവെ എല്ലാവരും പുറത്താവുകയായിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ 6 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 41 റൺ എടുത്തിട്ടുണ്ട്.

RNU TVPM

**********************************

## ആറ്റുകാൽ പൊങ്കാല മഹോത്സവം

ഈ വർഷത്തെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന്റെ മുന്നോരുക്കങ്ങൾ വിലയിരുത്തുന്നതിന് മന്ത്രി വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് അവലോകന യോഗം ചേർന്നു. മന്ത്രി ജി.ആർ അനിൽ, ഡെപ്യൂട്ടി മേയർ ആശ നാഥ്, വാർഡ് കൗൺസിലർമാർ, ക്ഷേത്രം ട്രസ്റ്റ് ഭാരവാഹികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. -

ഫെബ്രുവരി 23 മുതൽ മാർച്ച് 4 വരെയാണ് ആറ്റുകാൽ പൊങ്കാല മഹോത്സവം.

**********************************

## ഹിന്ദുമത പരിഷത്ത്

114 - ാമത് അയിരൂർ - ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്ത് ഫെബ്രുവരി 15 മുതൽ 22 വരെ പമ്പാ മണൽപ്പുറത്തു ശ്രീവിദ്യാധിരാജ നഗറിൽ നടക്കും. ഹിന്ദുമത പരിഷത്തിന് വേദിയാകുന്ന പന്തൽ നിർമ്മാണ കാൽനാട്ടു കർമ്മം ഹിന്ദുമത മഹാമണ്ഡലം പ്രസിഡന്റ് പി. എസ്. നായർ നിർവഹിക്കും.

**********************************

## അനൗൺസ് മെൻറ്

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെക്കുറിച്ചുള്ള ചർച്ചയുടെ ആദ്യഭാഗം ഇന്ന് രാത്രി 11 മണിക്ക് കേൾക്കാം. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിസ്റ്റ്യൂട്ട് - വിഴിഞ്ഞം റീജിയണൽ സെൻററിലെ സീനിയർ സയൻറിസ്റ്റ് ഡോക്ടർ സൂര്യ എസ് സംസാരിക്കുന്നു.

*************************************************************************************

*********

RNU TVPM